**നമ്പർ GH-EKM/558/2026-C1**

**ജനറൽ ആശുപത്രി എറണാകുളം**
തീയതി :22-08-2026

# ഇ – ടെണ്ടർ നോട്ടീസ്

എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന തെറാപ്യൂട്ടിക് കിച്ചൺ "ഊട്ടുപുര"-യിൽ തയ്യാറാക്കുന്ന ഭക്ഷണം വിവിധ വാർഡുകളിലേക്കും ഡിപ്പാർട്ട്മെന്റുകളിലേക്കുമായി വിതരണം ചെയ്യുന്ന പ്രവൃത്തികൾ നിറവേറ്റുന്നതിനായി ജീവനക്കാരെ വിതരണം ചെയ്യുന്നതിനായി അംഗീകൃത കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ഒരു വർഷക്കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ മത്സരസ്വഭാവമുള്ള ഇ-ടെണ്ടറുകൾ www.etenders.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| അടങ്കൽ തുക | **Rs.45,00,000/-** |
| ടെണ്ടർ ഫോമിന്റെ വില | **Rs.9,000/- രൂപ** |
| നിരത ദ്രവ്യം നിക്ഷേപം (EMD) | **Rs.45,00,000/-ൽ 1% = Rs.45,000/- രൂപ** |
| ടെണ്ടർ സ്റ്റാർട്ട് ചെയ്യുന്ന തീയതി | **21/08/2026 രാവിലെ 10.00 മണി** |
| ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി | **14/09/2026 വൈകിട്ട് 05.00 മണി** |
| ടെണ്ടർ തുറക്കുന്ന തീയതി | **15/09/2026 രാവിലെ 11.30 മണി** |

**(GST തുക നേരിട്ട് GST ഡിപ്പാർട്ട്മെന്റിൽ ഒടുക്കേണ്ടതാണ്)**
**GST IN: 32AAAGG5347K1ZG**

കുടുംബശ്രീ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, നിലവിലെ ഭാരവാഹികളെ തിരഞ്ഞെടുത്ത യോഗത്തിന്റെ മിനിറ്റ്സിന്റെ CDS മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്, കുടുംബശ്രീ യൂണിറ്റിന്റെ PAN Card-ന്റെ പകർപ്പ്, GST രജിസ്ട്രേഷൻ പകർപ്പ് എന്നിവ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത സേവനത്തിന് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന കുടുംബശ്രീ യൂണിറ്റിന്റെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതാണ്. വ്യക്തി/സ്ഥാപനം ആശുപത്രി സൂപ്രണ്ടുമായി 200/- രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതും, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 25,000/- രൂപ ആശുപത്രി വികസന സമിതി ഫണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്.

മുൻകൂർ അറിയിപ്പ് കൂടാതെയും കാരണം കാണിക്കാതെയും ഭാഗികമായോ, പൂർണ്ണമായോ ടെണ്ടർ ഭേദഗതി വരുത്തുന്നതിനോ റദ്ദാക്കുന്നതിനോ നിരസിക്കുന്നതിനോ മാറ്റി വെക്കുന്നതിനോ ഉള്ള അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

**<u>കുറിപ്പ്:</u>**

1 . ടെണ്ടറുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം ടെക്നിക്കൽ കമ്മിറ്റി ചേർന്ന് സ്വീകരിക്കുന്നതായിരിക്കും.

2 . നിയമാനുസൃതമായ ടെണ്ടർ ഫി, നിരതദ്രവ്യം (EMD) എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളവർ ആയത് സംബന്ധിച്ച സർക്കാർ ഉത്തരവ്, രജിസ്ട്രേഷൻ എന്നിവ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ് അല്ലാത്ത പക്ഷം ടെണ്ടർ ഫി, നിരതദ്രവ്യം

(EMD) എന്നിവ നിർബന്ധമായും അടയ്ക്കേണ്ടതാണ്.

3 . പ്രസ്തുത ടെണ്ടറുമായി ബന്ധപ്പെട്ട എന്തെങ്കിലും വിധത്തിലുള്ള മാറ്റങ്ങൾ www.etenders.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന അറിയാവുന്നതാണ്.

4 . ടെണ്ടർ നടപടികൾ പൂർണ്ണമായും GO(P) NO. 3/2013/SPD, Dated: 21.06.2013 ന് വിധേയമായിരിക്കും.

5 . ഇ-ടെണ്ടർ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾക്ക് സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം എന്ന വിലാസത്തിലോ താഴെ കാണുന്ന വെബ്സൈറ്റിലോ ബന്ധപ്പെടേണ്ടതാണ്.

6 . കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും, ഷിഫ്റ്റ് അടിസ്ഥാനത്തിൽ 21 ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

7. ഷിഫ്റ്റ്: 21 ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്. ഷിഫ്റ്റ് 02.00 മുതൽ രാത്രി 10.00 വരെ 10 ജീവനക്കാരും, രാവിലെ 08.00 മുതൽ വൈകിട്ട് 04.00 വരെ 10 ജീവനക്കാരും, രാവിലെ 06.00 മുതൽ ഉച്ചയ്ക്ക് 02.00 വരെ 1 ജീവനക്കാരനും.

8. ആകെ പാചകക്കാരുടെ സേവനം ഉണ്ടായിരിക്കുന്നതാണ്.

9. ജിഡിഎയിൽ 60 വയസ്സിൽ കവിയാൻ പാടില്ല.

1 0 . ജീവനക്കാരുടെ നിഷ്കർഷതയടക്കം ജീവനക്കാർ സ്വയം ബാധ്യതയുള്ള യൂണിറ്റായിരിക്കണം.

1 1 . ജീവനക്കാരുടെ മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ച് യൂണിറ്റ് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

1 2 . കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന നികുതികൾ കൃത്യമായി അടക്കേണ്ടതാണ്.

1 3 . ടെണ്ടറുമായി ബന്ധപ്പെട്ട് നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവ വായിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രം ടെണ്ടർ സമർപ്പിക്കേണ്ടതാണ്.

14. ടെണ്ടർ നടപടികൾ പൂർണ്ണമായും സ്റ്റോർ പർച്ചേസ് മാനുവലിന് വിധേയമായിരിക്കും.

15. സമീപ പ്രദേശത്തുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് മുൻഗണന ലഭിക്കുന്നതാണ്.

1 6 . സ്വഭാവ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ള ആളുകളെ മാത്രമേ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളൂ. ഉത്തരവാദിത്തമില്ലാത്ത പ്രവർത്തനം കണ്ടാൽ ഉടനടി ജോലിയിൽ നിന്ന് പിരിച്ചുവിടാനുള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

Digitally signed by Prebhudas R
Date: 22-08-2026 15:55:54
സൂപ്രണ്ട്

**നോട്ടീസ് ബോർഡ്**

**പകർപ്പ്:**

1 . എറണാകുളം ജില്ലാ കളക്ടർ & ചെയർമാൻ, ആശുപത്രി വികസന സൊസൈറ്റി (ആമുഖ കത്ത് സഹിതം)

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം (ആമുഖ കത്ത് സഹിതം)

3. സെക്രട്ടറി, കോർപ്പറേഷൻ ഓഫീസ്, കൊച്ചി

4. തഹസീൽദാർ, താലൂക്ക് ഓഫീസ്, കണയന്നൂർ

5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, എറണാകുളം

6 . സൂപ്രണ്ട്, ജില്ലാ ആശുപത്രി / താലൂക്ക് ആശുപത്രി / സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആലുവ / ഫോർട്ട് കൊച്ചി / തൃപ്പൂണിത്തുറ / മട്ടാഞ്ചേരി

7. ഫയൽ / സ്റ്റോക്ക് ഫയൽ